भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

ED 325480

കൊല്ലമ്പറ്റ വീട്ടിൽ താമസം നൂർ റാവുത്തർ എന്നരുടെ ഭാര്യ (1). 70 വയസ്സ് സൽമ ബീവി മക്കൾ (2). 51 വയസ്സ് നജ്മുദ്ദീൻ (3). 44 വയസ്സ് റഹ്മത്തുള്ള എന്നിവർ ഒന്നാം കക്ഷിയായും, വയനാട് ജില്ല, വൈത്തിരി താലൂക്ക്, മൂട്ടിൽ സൗത്ത് വില്ലേജ്, വാഴവറ്റ പി.ഒ. ചിറ്ററക്കൽ വീട്ടിൽ താമസം ജോൺ സി ജോസഫ് എന്നവരുടെ ഭാര്യ ജിഷ ജോസഫ് (ആധാർ കാർഡ് നമ്പർ 3420 9519 0057 ) എന്നവർ രണ്ടാം കക്ഷിയായും പരസ്പരം സമ്മതിച്ചെഴുതിയ വാടക കരാർ.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

JISHA JOSEPH

No. 6887

Date: 7/9/2023

Issued to:

भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

EB 725481

ഇതിലെ ഒന്നാം കക്ഷിയുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള മൂട്ടിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമായ MP XI/ 651 (C) -ാം നമ്പർ കെട്ടിടമുറി ഇതിലെ രണ്ടാം കക്ഷിക്ക് 07/09/2023 മുതൽ 11 മാസത്തേക്ക് പലചരക്ക് കച്ചവടം നടത്തേണ്ടുന്ന ആവശ്യത്തിലേക്കായി ഒന്നാം കക്ഷി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാടകയ്ക്ക് നൽകുകയും ആയത് ഇരുപാർട്ടികളും അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

JISHA JOSEPH

No. 6888

Date: 7/9/2023

Issued to:

DISTRICT TREASURY WAYANAD

25 AUG 2023

മേൽ നമ്പർ കെട്ടിടമുറി 07/09/2023 മുതൽ 11 മാസത്തേക്ക് ഒരു കുടി യാൻ എന്ന നിലക്ക് രണ്ടാം കക്ഷിക്ക് ഉപയോഗിക്കുവാൻ അനുവദിച്ചതിന് പ്രതിമാസ വാടകയായി Rs.3000/- ക (മൂവായിരം രൂപ പ്രകാരം നിശ്ചയിച്ചിട്ടുള്ളതും വാടക എല്ലാ ഇംഗ്ലീഷ് മാസങ്ങളിലും 5-ാം തിയ്യതിക്ക് മുമ്പായി രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് കൊടുത്ത് രശീതി സൂക്ഷിക്കേണ്ടതും ആയത് ഈ വാടക കരാറിന്റെ രശീതികളായി കണക്കാക്കേണ്ടതുമാണെന്ന് ഇതിനാൽ നിശ്ചയിച്ചിരിക്കുന്നു.ഈ വാടകകരാറിന്റെ അനുമതിയുള്ള കാലത്ത് കെട്ടിടമുറി ഉപ യോഗിക്കുന്നതിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റായി രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് ഇന്നേ ദിവസം Rs.5,000/-(അയ്യായിരം) ഉറുപ്പിക മാത്രം നൽകിയി ട്ടുള്ളതും.ഇങ്ങനെ നൽകിയ സംഖ്യ ഈ വാടക കരാറിന്റെ കാലാവധിക്ക് ശേഷമോ അല്ലാതെയോ രണ്ടാം കക്ഷി പട്ടികവസ്തു ഒഴിഞ്ഞു ഒന്നാം കക്ഷിക്ക് നൽകുമ്പോൾ പട്ടിക വസ്തു സംബന്ധിച്ച് വല്ല വാടകയോ വൈദ്യുതി ചാർജ്ജോ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ടി സംഖ്യയും പട്ടിക വസ്തുവിന് വല്ല കേടുപാടും വരുത്തിയിട്ടുണ്ടെങ്കിൽ ആയതിനുള്ള നഷ്ടപരിഹാരവും കഴിച്ച് ബാക്കി സംഖ്യ യാതൊരു പലിശയും കൂടാതെ ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് നൽകേണ്ടതാണ് .കെട്ടിട മുറിയിൽ രണ്ടാം കക്ഷി ഉപയോഗിക്കുന്ന സമയത്തുണ്ടാകുന്ന കറണ്ട് ചാർജ്ജ്,വാട്ടർ ചാർജ്ജ് എന്നിവ മേൽ പറഞ്ഞ വാടകയ്ക്ക് പുറമെ രണ്ടാം കക്ഷി അടച്ച് രശീതി വാങ്ങി ഒന്നാം കക്ഷിക്ക് കൊടുക്കേണ്ടതുമാകുന്നു. ആയതിന് വീഴ്ച ചെയ്താൽ ആ സംഖ്യയും ചിലവുകളും മറ്റും രണ്ടാം കക്ഷിയോട് ഒന്നാം കക്ഷിക്ക് വസൂലാക്കാവുന്നതാണ്.കെട്ടിടമുറി മേൽപറഞ്ഞ ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കുപ യോഗിക്കുവാനോ കൈമാറ്റം ചെയ്യുവാനോ രണ്ടാം കക്ഷിയുടെ കീഴിൽ അന്യന്മാർക്ക് കൈമാറുവാനോ,ഭേദഗതി വരുത്തുവാനോ കെട്ടിടമുറിക്ക് കേടുപാടുകൾ വരുത്തുവാനോ കെട്ടിടമുറിയുടെ ഇപ്പോഴുള്ള അവസ്ഥയിൽ നിന്ന് മാറ്റം വരുത്തുവാനോ വാടക,കറണ്ട് ചാർജ്ജ്,വാട്ടർ ചാർജ്ജ് മുത ലായത് അടക്കാതെ വീഴ്ച്ച വരുത്തുവാനോ ഗവൺമെന്റ് നിരോധിത വസ്തു ക്കൾ,സ്ഫോടക വസ്തുക്കൾ മുതലായവ മുറിയിൽ സൂക്ഷിക്കുവാനോ വിൽപ്പന നടത്തുവാനോ,കെട്ടിടമുറിയുടെ ഉറപ്പിനും ഭംഗിക്കും ഹാനി വരു ത്തുവാനോ മറ്റോ ഒന്നാം കക്ഷിക്ക് പാടില്ലാത്തതും,അങ്ങിനെ വല്ലതും ചെയ്യുവാനിട വന്നാൽ ഒന്നാം കക്ഷിയെ കെട്ടിടമുറിയിൽ പ്രവേശിക്കുന്നത് തടസ്സപ്പെടുത്തുവാനും ഈ കരാർ റദ്ദാക്കുവാനും ഒന്നാം കക്ഷിക്ക് അധി കാരം അവകാശമുള്ളതും കെട്ടിടമുറി വെക്കേറ്റ് ചെയ്യുവാൻ രണ്ടാം കക്ഷി ബാധ്യസ്ഥനുമാണ്.ഈ കരാറിന്റെ കാലാവധി 07/09/2023 തിയ്യതി മുതൽ 11 മാസത്തേക്ക് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാണ്. കാലാവധിക്ക് ശേഷം പട്ടിക മുറി രണ്ടാം കക്ഷിക്ക് തുടർന്നും ആവശ്യമായി വരുന്ന പക്ഷം ഇരു കൂട്ടരുടെയും സമ്മത പ്രകാരമുള്ള പുതുക്കിയ വ്യവസ്ഥകൾ അനുസരിച്ച് രണ്ടാം കക്ഷിയുടെ കുടിയായ്മ തുടരാവുന്നതും,പട്ടിക മുറിക്ക് നിലവിലുള്ള വാടകയുടെ അഞ്ച് (5%) ശതമാനം നിരക്കിൽ വർദ്ധനവ് വരുത്തി പ്രതിമാസ വാടക പുനർനിശ്ചയിച്ച് പുതുക്കിയ വാടക മേൽ പ്രകാരം വ്യവസ്ഥയനുസരിച്ച് തുടരാവുന്നതുമാണ് എന്നും ഇതിനാൽ നിശ്ചയിച്ചിരിക്കുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

JISHA JOSEPH

സാക്ഷികൾ

1

2